ഗൂഡല്ലൂരിൽ കുടിയിറക്ക് ഭീഷണി നേരിടുന്ന കർഷകർ

6 (717)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ ഗൂഡല്ലൂരിൽ വർഷങ്ങളായി താമസിച്ചുവരുന്ന മലയാളികളായ കർഷകർ കുടിയിറക്കു ഭീഷണി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1964 മുതൽ ഭൂനികുതി നൽകിവരുന്ന സ്ഥലത്തുനിന്നാണ് ഇവർ തമിഴ്നാട് ഉദ്യോഗസ്ഥരിൽനിന്ന് കുടിയിറക്ക് ഭീഷണി നേരിടുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരെ സംരക്ഷിക്കുന്നതിന് സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

ഉത്തരം

(എ)-(സി) ഇതുസംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വ്യവസായം

7 (718) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വ്യവസായം ആരംഭിച്ചത് എപ്പോഴെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട വ്യവസായ സംരംഭകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വ്യവസായം എന്തെങ്കിലും പ്രതിസന്ധികൾ നേരിടുന്നതായി അറിവുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വിവരസാങ്കേതിക വിദ്യാപദ്ധതികൾ നടപ്പാക്കാൻ തെരഞ്ഞെടുത്ത ഏജൻസികളുടെ കാര്യക്ഷമതയില്ലായ്മ, പ്രൊഫഷണൽ വിദഗ്ദ്ധരുടെ അഭാവം പൊതുമേഖലാ സ്ഥാപനങ്ങളുടെ നിസ്സംഗത. ഗുണമേന്മയില്ലാത്ത കമ്പ്യൂട്ടർ വിദ്യാഭ്യാസം എന്നീ പ്രശ്നങ്ങൾ വിവരസാങ്കേതിക മേഖലയുടെ വികസനത്തിന് വിഘാതമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഇ) എങ്കിൽ ഇതിനുപരിഹാരം കാണാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ജനകീയാസൂത്രണ പദ്ധതിപ്രകാരം എറണാകുളത്ത് തുടങ്ങിവച്ച സംസ്ഥാനത്തെ ആദ്യത്തെ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്തെ വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വ്യവസായ മേഖലയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1991 ൽ എറണാകുളത്ത് കൊച്ചിൻ എക്സ്പോർട്ട് പ്രോസസിംഗ് സോണിലാണ് സംസ്ഥാനത്ത് ആദ്യമായി വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വ്യവസായം ആരംഭിച്ചത്.

(ബി) വിവര സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

(1) സ്ഥിര നിക്ഷേപത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപവരെയുള്ള മൂലധന നിക്ഷേപ സബ്സിഡി.

(2) കാപ്റ്റ്വ്യൂവ് ജനറേറ്റർ സെറ്റിന് നിക്ഷേപത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപ നിക്ഷേപ സബ്സിഡി.

(3) നിലവിലുള്ള വ്യവസായങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വികസനത്തിനും ആധുനിക വൽക്കരണത്തിനും അതിനുവേണ്ട സ്ഥിരനിക്ഷേപത്തിന്റെ 20% അല്ലെങ്കിൽ പരമാവധി 25 ലക്ഷം രൂപ നിക്ഷേപ സബ്സിഡി.

(4) വിവരസാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് സ്ക്വയർ മീറ്ററിന് 5000 രൂപ എന്ന തോതിൽ കണക്കാക്കി അതിന് അർഹമായ സബ്സിഡി.

(5) സോഫ്റ്റ്വെയർ പാർക്കുകളിലെ യൂണിറ്റുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്, രജിസ്ട്രേഷൻ ഫീസിളവ്, കമ്പ്യൂട്ടർ പെരിഫറലുകൾക്ക് നികുതിയിളവ്.

(സി) സോഫ്റ്റ്വെയർ വികസനമേഖലയിൽ ഉയർന്ന സാങ്കേതിക പരിശീലനം ലഭിച്ച വിദഗ്ദ്ധരുടെ അഭാവം സോഫ്റ്റ്വെയർ സംരംഭങ്ങൾക്കാവശ്യമായ ഗുണനിലവാരമുള്ള വാർത്താവിനിമയ സംവിധാനങ്ങളുടെ അപര്യാപ്തതയും, ഉയർന്ന നിരക്ക്, ആഭ്യന്തരവിപണിയുടെ അഭാവം തുടങ്ങിയവ വിവരസാങ്കേതിക മേഖലയുടെ വികസനത്തിന് തടസ്സമാകാറുണ്ട്.

(ഡി)&(ഇ) സോഫ്റ്റ്വെയർ വികസനരംഗത്തെ പ്രൊഫഷണൽ വിദഗ്ദ്ധരുടെ അഭാവം, ഗുണമേന്മയില്ലാത്ത കമ്പ്യൂട്ടർ വിദ്യാഭ്യാസം, വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവയിലൂടെ സംയോജിതമല്ലാതെ നടപ്പാക്കിവന്നിരുന്ന വിവരവിനിമയ വിദ്യ തുടങ്ങിയ ഘടകങ്ങൾ, വിവരസാങ്കേതിക പദ്ധതികൾ, സർക്കാർ പ്രഖ്യാപിച്ച വിവരവിനിമയ സാങ്കേതിക നയപരിപാടികളുടെ ത്വരിതഗതിയിലുള്ള നടപ്പാക്കലിന് വിഘാതമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെ ഫലപ്രദമായി അതിജീവിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഇനി പറയുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നത്. വിവരവിനിമയവിദ്യ ഒരു സംയോജനശക്തിയായി പ്രയോജനപ്പെടുത്തുന്നതിനും, സാധാരണ പൗരന്റെ ജീവിതോന്നമനത്തിന്, താങ്ങാവുന്ന ചെലവിൽ, വിദ്യയുടെ പരമാവധി വികസനവും, വ്യാപനവും ഉറപ്പാക്കുന്നതിനുമായി വിവിധ വകുപ്പുകളും ഏജൻസികളും നടപ്പാക്കിവരുന്ന പ്രസ്തുത പദ്ധതികൾ സംയോജിപ്പിച്ച് നയപരിപാടികൾക്കനുസൃതമായി നടപ്പാക്കുന്നതിന് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. വിവരസാങ്കേതികത അടിസ്ഥാനമാക്കിയുള്ള വ്യവസായ വികസനത്തിന് സംസ്ഥാനത്തിന്റെ മനുഷ്യവിഭവ വികസനത്തിൽ കാതലായ പുരോഗതിയുണ്ടാകണം എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഈ രണ്ടു മേഖലകളെയും പോഷിപ്പിക്കുന്നതിന് ടെക്നോപാർക്ക് കാമ്പസിൽ ഒരു 'സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്, എന്ന സ്ഥാപനം ഉദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

30 കോടി രൂപ ചെലവിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത സ്കൂളിനെ, വിവിധ വിവരവിനിമയ സാങ്കേതികവിദ്യയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, ഈ മേഖലയിലെ മാനേജർമാർ, ഭരണകർത്താക്കൾ എന്നിവർക്കുവേണ്ട ഉന്നതതല പരിശീലനം എന്നിവ പ്രദാനം ചെയ്യുന്ന സ്ഥാപനവും, കൂടാതെ ഐ.റ്റി. വ്യവസായവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ റിസർച്ച്, ഈ മേഖലയിലെ വിദ്യാഭ്യാസ പരിഷ്ക്കരണത്തിനാവശ്യമായ ഉപദേശം നൽകുന്ന സ്ഥാപനവുമാക്കിത്തീർക്കുന്നതിന് ആണ് വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നത്.

(എഫ്) ജനകീയാസൂത്രണ പദ്ധതിപ്രകാരം എറണാകുളത്ത് തുടങ്ങിവച്ച സംസ്ഥാനത്തെ ആദ്യത്തെ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കിൽ ലഭ്യമായിട്ടുള്ള എല്ലാ സ്ഥലവും കമ്പനികൾക്ക് നൽകിക്കഴിഞ്ഞു. പുതിയ കമ്പനികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന് കോർപ്പറേഷൻ പുതിയ കെട്ടിടം പണിയാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ജി) വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വ്യവസായമേഖലയുടെ പ്രവർത്തനം കുറ്റമറ്റതാക്കാനുള്ള നടപടിക്രമങ്ങളാണ് സർക്കാരിന്റെ നയരേഖയിൽ വിഭാവനം ചെയിത്ട്ടുള്ളത്. ഇതിനായുള്ള സംയോജിത നടപടികൾ പുരോഗമിച്ചുവരുന്നു.

ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ പ്രവർത്തനം

8 (719)ശ്രി. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ പ്രവർത്തനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഈ മേഖലയിലെ വളർച്ചയുമായി താരതമ്യം ചെയ്താൽ സംസ്ഥാനത്തിന്റെ സ്ഥിതി എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(സി) അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഈ വകുപ്പിന്റെ പ്രവർത്തനം എത്രത്തോളം സഹായിക്കുമെന്നാണ് സർക്കാർ കണക്കാക്കുന്നത്;

(ഡി) വിവരസാങ്കേതിക വിദ്യയിൽ മുന്നേറ്റം നടത്തുന്നതിന് സഹായകമാകുന്ന എന്തൊക്കെ പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ പോകുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇൻഫർമേഷൻ ടെക്നോളജി നയം സംയോജിപ്പിച്ച് നടപ്പാക്കുന്നതാണ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ ചുമതല. വകുപ്പിനെ ഈ വിഷയത്തിൽ സഹായിക്കുന്നതിനായി മിഷൻഗ്രൂപ്പ് എന്ന ഒരു സാങ്കേതിക ടീം രൂപീകരിച്ചിട്ടുണ്ട്. സർക്കാർതലത്തിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഒന്നാംഘട്ടമായി 34 വകുപ്പുകളെ കണ്ടെത്തി, പ്രസ്തുത വകുപ്പുകളിൽ ഇതിനായി ടാസ്ക്ഫോഴ്സുകൾ രൂപീകരിച്ച് നോഡൽ ഓഫീസർമാർക്ക് ട്രെയിനിംഗ് നൽകിവരുന്നു. തിരുവനന്തപുരത്തുള്ള ടെക്നോപാർക്കിൽ ഉന്നതനിലവാര

LIBRARY ARCHIVES Kerala Legislative Assembly